പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4753 28.06.2013 - ൽ മറുപടിയ്ക്ക്

## 'സ്നേഹപൂർവ്വം' പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. ബി. സത്യൻ

ഡോ. എം.കെ. മുനീർ
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മാതാവോ പിതാവോ നഷ്ട പ്പെടുന്ന കുട്ടികൾക്ക് ഡിഗ്രിവരെ ബന്ധുക്കൾക്കൊപ്പം താമസിച്ച് വിദ്യാഭ്യാസം ചെയ്യുന്നതിനായി പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയായ 'സ്നേഹ പൂർവ്വം' പദ്ധതിയെക്കുറിച്ചുള്ള വിശദമായ വിവരം ലഭ്യമാ ക്കാമോ ; | (എ) | മാതാപിതാക്കൾ രണ്ടുപേരും മരണപ്പെടുകയോ അല്ലെങ്കിൽ മാതാപിതാക്കളിൽ ഒരാൾ മരണപ്പെടുകയോ ജീവിച്ചിരിക്കു ന്നയാൾക്ക് കുട്ടികളെ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാധിക്കാതെ വരികയും ചെയ്യുന്ന സന്ദർഭങ്ങളിൽ അത്തരം കുട്ടികളെ അനാഥാലയ ങ്ങളിൽ സംരക്ഷിക്കാതെ സ്വഭവനങ്ങളിൽ/ ബന്ധു ഭവന ങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുന്നതിന് പ്രതിമാസ ധന സഹായം നൽകുന്ന പദ്ധതിയാണ് 'സ്നേഹപൂർവ്വം'.<br><br>പദ്ധതി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഒന്നു മുതൽ ഡിഗ്രി ക്ലാസ്സു കളിലും പ്രൊഫഷണൽ കോഴ്സു കൾക്കും പഠിക്കുന്ന വിദ്യാർത്ഥി കളായിരിക്കണം<br>2. നഗര പ്രദേശങ്ങളിൽ 22,375/- രൂപ വരെയും ഗ്രാമ പ്രദേശ ങ്ങളിൽ 20,000/- രൂപവരെയും കുടുംബ വാർഷിക വരുമാനമുള്ള കുടുംബത്തിലെ വിദ്യാർത്ഥി കളായിരിക്കണം<br>3. സർക്കാർ/എയ്ഡഡ് സ്കൂൾ/ കോളേജുകളിൽ പഠിക്കുന്ന കുട്ടികളായിരിക്കണം<br>4. സ്വഭവനങ്ങളിൽ/ ബന്ധു ഭവനങ്ങളിൽ താമസിച്ച് സ്കൂൾ/ |

| | | | |
|---|---|---|---|
| | | | കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം<br>5. അപേക്ഷയോടൊപ്പം മരണപ്പെട്ട മാതാവ്/പിതാവിന്റെ മരണ സർട്ടിഫിക്കറ്റ്, വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സ്കൂൾ/കോളേജ് അധികൃതരുടെ സർട്ടിഫിക്കറ്റ്, ജനപ്രതിനിധികളുടെ സർട്ടിഫിക്കറ്റ് എന്നിവ ചേർത്തിരിക്കണം<br>6. കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിൽ ദേശസാൽകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങിയിരിക്കണം. |
| (ബി) | പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുവാൻ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വിശദമാക്കുമോ ? | (ബി) | സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിനുവേണ്ടിയുള്ള നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതും എക്സിക്യൂട്ടിവ് ഡയറക്ടർ അപേക്ഷ പരിശോധിച്ച് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ധനസഹായത്തിനർഹതയുണ്ടെന്ന് ഉറപ്പാക്കി ധനസഹായം അനുവദിക്കുന്നു. |

R. Vijayakumar

സെക്ഷൻ ഓഫീസർ